പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4618 04.02.2014 - ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ബി.സത്യൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കരമന - കളിയിക്കാവിള ദേശീയപാത വികസനം ഏത് ഘട്ടത്തിലാണ്; | (എ) 29 കി.മീ. വരുന്ന കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ ഒന്നാം ഘട്ടമായ കരമന മുതൽ വഴിമുക്ക വരെയുള്ള ഭാഗത്തിന്റെ (12 കി.മീ.) ഒന്നാം റീച്ചായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിലാണ്. ഒഴിപ്പിക്കൽ നടപ്പിലാക്കി ഈ ഭാഗം പൂർണ്ണമായി ഏറ്റെടുക്കാവുന്ന സ്ഥിതിയിലാണ്. ഈ ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 74 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. ടെണ്ടർ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിലാണ്. 6(1), 4(1) വിജ്ഞാപനം ആയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കരമന – കാരയ്ക്കാമണ്ഡപം ദേശീയപാതയ്ക്കായുള്ള സ്ഥലമെടുപ്പ് പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സ്ഥലമെടുപ്പ് പ്രവൃത്തികൾ എന്ന് പൂർത്തിയാകും എന്നറിയിക്കാമോ; ആയതിന് ഫണ്ടിന്റെ അഭാവം അനുഭവപ്പെടുന്നുണ്ടോ; | (ബി) | കരമന – കാരയ്ക്കാമണ്ഡപം ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. ഫണ്ടിന്റെ അഭാവം ഇല്ല. |
| (സി) | കാരയ്ക്കാമണ്ഡപം - പ്രാവച്ചമ്പലം മേഖലയിലെ സ്ഥലമെടുപ്പ് എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി വിജ്ഞാപനം ആയിട്ടുണ്ടോ; | (സി) | കാരയ്ക്കാമണ്ഡപം - പ്രാവച്ചമ്പലം മേഖലയിലെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. നിർബന്ധിത ഒഴിപ്പിക്കൽ നടപ്പിലാക്കി, പൂർണ്ണമായി ഏറ്റെടുക്കാവുന്ന സ്ഥിതിയിലാണ്. |
| (ഡി) | കരമന - കളിയിക്കാവിള ദേശീയപാത വികസനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | കരമന - കളിയിക്കാവിള ദേശീയപാത വികസനം 2015 -ൽ പൂർത്തിയാക്കണമെന്നാണ് പ്രതീക്ഷിക്കുന്നത് |

സെക്ഷൻ ഓഫീസർ